ലേഖനം ● ഹൈദറലി ശാന്തപുരം

# കരയുന്ന പ്രവാചകൻ

**ചിരിയും** കരച്ചിലും അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെ ദൃഷ്ടാന്തങ്ങളാണ്. അതുകൊണ്ടാണ് അല്ലാഹു ഖുർആനിൽ പറഞ്ഞത്: "അവനാണ് ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്തവൻ" (*അന്നജ്മ്* 43).

ചിരിക്കാനും കരയാനും ഹേതുവാകുന്ന കാര്യങ്ങൾ സംഭവിക്കുമ്പോൾ അവ എങ്ങനെയാണ് മനുഷ്യമനസ്സിൽ പ്രതിഫലിച്ച് മുഖത്ത് ചിരിയും കരച്ചിലുമായി പ്രത്യക്ഷപ്പെടുന്നത്? ഇതൊരു മഹാ അത്ഭുതം തന്നെ! തത്ത്വജ്ഞാനികളും ദാർശനികരും ഇതിനെക്കുറിച്ച് ഒരുപാട് ചിന്തിച്ചിട്ടുണ്ട്. മുകളിലുദ്ധരിച്ച ഖുർആൻ സൂക്തത്തിന്റെ വിശദീകരണത്തിൽ ശഹീദ് സയ്യിദ് ഖുത്വ്ബ് എഴുതുന്നു:

"വളരെയേറെ അർഥങ്ങൾ ഒളിഞ്ഞിരിക്കുന്ന ഒരു വാക്യമാണിത്. ചിരിയും കരച്ചിലും മനുഷ്യ സ്വത്വത്തിന്റെ രണ്ട് നിഗൂഢ പ്രതിഭാസങ്ങളാണ്. മനുഷ്യനിൽ അല്ലാഹു അവ രണ്ടും നിക്ഷേപിച്ചിരിക്കുന്നു. എങ്ങനെയാണ് രണ്ടും സംഭവിക്കുന്നതെന്ന് ആർക്കുമറിയില്ല. വളരെ സങ്കീർണമാണ് മനുഷ്യന്റെ ശാരീരിക ഘടന. അതിനെക്കാൾ സങ്കീർണമാണ് അവന്റെ മാനസിക ഘടന. ഈ രണ്ട് സങ്കീർണതകളും



കെട്ടുപിണഞ്ഞു കിടക്കുന്ന ഓരോ സാഹചര്യമുണ്ട് ചിരിക്കും കരച്ചിലിനും.

“ചിരിക്കാനും കരയാനുമുള്ള പ്രേരണകൾ അവൻ മനുഷ്യനിലുണ്ടാക്കി. ചില കാരണങ്ങളുണ്ടാകുമ്പോൾ ചിരിക്കണമെന്നും മറ്റുചില കാരണങ്ങളുണ്ടാകുമ്പോൾ കരയണമെന്നും നിശ്ചയിച്ചു. ഇന്ന് കരയിക്കുന്ന കാരണം നാളെ ചിലപ്പോൾ ചിരിപ്പിച്ചെന്നും വരാം; ഭ്രാന്തോ മതിഭ്രമമോ ഒന്നും ഇല്ലാതെ തന്നെ. ഇതൊക്കെ മാറിക്കൊണ്ടിരിക്കുന്ന മാനസികാവസ്ഥകൾക്കനുസൃതമായി സംഭവിക്കുന്നതാണ്. രണ്ടിന്റെയും മാനദണ്ഡങ്ങളും കാരണങ്ങളും പ്രകോപനങ്ങളും പ്രേരണകളും ഒരവസ്ഥയിലും സുസ്ഥിരമല്ല.

“ചില കാരണങ്ങൾ ഒരേ നിമിഷത്തിൽ തന്നെ ഇത് രണ്ടും സംഭവിപ്പിക്കുന്നു. ഒരേ സംഭവം തന്നെ ഒരു കൂട്ടരെ ചിരിപ്പിക്കുകയും വേറൊരു കൂട്ടരെ കരയിപ്പിക്കുകയും ചെയ്യുന്നു.

“ഒരേകാര്യം തന്നെ ഒരാളെ ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്യാം. ഇന്ന് ചിരിപ്പിച്ച സംഗതിയുടെ പ്രത്യാഘാതം നാളെ കാണുമ്പോൾ ചിലപ്പോൾ അയാൾ കരഞ്ഞുപോകും. ഇന്നലെ താനത് ചെയ്യാതിരിക്കുകയും ചിരിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ എന്ന് ആശിച്ചു പോകും. ദുനിയാവിൽ ഇപ്പോൾ ചിരിച്ചുകൊണ്ടിരിക്കുന്ന എത്രയോ ആളുകൾ നാളെ ആഖിറത്തിൽ കരയാനിരിക്കുകയാണ്. ആ കരച്ചിൽ കൊണ്ട് ഒരു പ്രയോജനവും ഇല്ലെങ്കിലും” (*ഫീ ളിലാലിൽ ഖുർആൻ*).

## ദൈവഭയത്താൽ കരയുന്നതിന്റെ പ്രാധാന്യം

ദൈവഭയത്താൽ കരയുകയും കണ്ണീർ വാർക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം സംബന്ധിച്ച് ധാരാളം നബി വചനങ്ങൾ വന്നിട്ടുണ്ട്. അവയിൽ ചിലത്:

“അല്ലാഹുവെ ഭയപ്പെട്ട് കരഞ്ഞ ഒരാൾ നരകത്തിൽ കടക്കുകയെന്നത് കറന്നെടുത്ത പാൽ അകിട്ടിലേക്ക് തിരിച്ചുപോവുന്നതുപോലെ അസംഭവ്യമാണ്. ദൈവിക മാർഗത്തിൽ പുരണ്ട പൊടിയും നരകത്തിലെ പുകയും ഒരുമിച്ചു കൂടുകയില്ല'' (തിർമിദി).

“ദൈവഭയത്താൽ ബാഷ്പമുതിർക്കുകയോ കരയുകയോ ചെയ്ത കണ്ണിന് നരകാഗ്നി നിഷിദ്ധമാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ഉറക്കമൊഴിച്ച കണ്ണിനും നരകാഗ്നി നിഷിദ്ധമാണ്” (അഹ്മദ്).

അനസ്(റ) റിപ്പോർട്ട് ചെയ്യുന്നു: നബി(സ) ഒരിക്കൽ ഒരു പ്രസംഗം ചെയ്തു. അതുപോലുള്ള ഒരു പ്രസംഗം ഞാൻ ഒരിക്കലും കേട്ടിട്ടില്ല. അതിൽ അദ്ദേഹം പറഞ്ഞു: “എനിക്കറിയാവുന്ന കാര്യങ്ങൾ നിങ്ങൾക്ക് അറിയുമായിരുന്നുവെങ്കിൽ നിങ്ങൾ അൽപം മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യുമായിരുന്നു.” ഇത് കേട്ട പ്രവാചകൻ ശിഷ്യന്മാർ കരഞ്ഞുകൊണ്ട് മുഖം പൊത്തി. (ബുഖാരി, മുസ്‌ലിം)

## കരയുന്ന പ്രവാചകൻ

മുഹമ്മദ് നബി(സ) പല സന്ദർഭത്തിലും കരഞ്ഞിട്ടുണ്ട്. പക്ഷേ അത് അക്ഷമ കാണിച്ചോ പരിധി ലംഘിച്ചോ ആയിരുന്നില്ല. ശബ്ദം താഴ്ത്തി കണ്ണീർവാർത്തു കൊണ്ടായിരുന്നു പ്രവാചകന്റെ കരച്ചിൽ. ഇമാം ഇബ്നു ഖയ്യിം പറയുന്നു: “നബി(സ)യുടെ കരച്ചിൽ വാവിട്ടു കൊണ്ടോ ശബ്ദമുയർത്തിക്കൊണ്ടോ ആയിരുന്നില്ല. കണ്ണുകളിലൂടെ കണ്ണുനീർ ഒഴുകും. നെഞ്ചിൽ നിന്ന് ഒരു മുഴക്കം പുറത്ത് കേൾക്കും. അദ്ദേഹം ചിലപ്പോൾ കരയുന്നത് മരിച്ച ഒരാളോട് കാരുണ്യം പ്രകടിപ്പിച്ചുകൊണ്ടായിരിക്കും. മറ്റു ചിലപ്പോൾ തന്റെ സമുദായത്തെക്കുറിച്ചോർത്ത് അവരോടുള്ള അനു

കമ്പയാലാവാം. വേറെ ചിലപ്പോൾ അല്ലാഹുവോടുള്ള ഭയത്താലാവാം. ചിലപ്പോൾ ഖുർആൻ ശ്രവിക്കുന്ന വേളയിലായിരിക്കും അദ്ദേഹം കരയുന്നത്" (*സാദുൽ മആദ്,* വാല്യം 1 പേജ് 183).

നബി(സ) കണ്ണീർ വാർത്ത ചില സന്ദർഭങ്ങൾ:

***നമസ്കാര വേളയിൽ***

അതീവ വിനയത്തോടും ഭയഭക്തിയോടും ഹൃദയ സാന്നിധ്യത്തോടും കൂടിയായിരുന്നു നബി(സ)യുടെ നമസ്കാരം. നമസ്കാര വേളയിൽ പലപ്പോഴും പ്രവാചകൻ കരയാറുണ്ടായിരുന്നു.

അബ്ദുല്ലാഹിബ്നു ശിഖ്ഖീർ(റ) പറയുന്നു: "ഒരിക്കൽ ഞാൻ നബി(സ)യുടെ അടുത്ത് ചെന്നു. അപ്പോൾ അദ്ദേഹം നമസ്കരിക്കുകയായിരുന്നു. കരച്ചിൽ കാരണം വറവു ചട്ടിയിൽ നിന്നെന്ന പോലെയുള്ള ശബ്ദം നബി(സ)യുടെ ഉള്ളിൽനിന്ന് മുഴങ്ങിക്കേട്ടിരുന്നു" (അബൂദാവൂദ്).

***ഖുർആൻ ശ്രവിക്കുമ്പോൾ***

ഒരിക്കൽ അബ്ദുല്ലാഹിബ്നു മസ്ഊദി(റ)നോട് നബി(സ) പറഞ്ഞു: "എനിക്കൽപം ഖുർആൻ ഓതിക്കേൾപിച്ചു തരിക." അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ചോദിച്ചു: "ഞാൻ അങ്ങേക്ക് ഖുർആൻ ഓതിത്തരികയോ?! അങ്ങേക്കല്ലേ ഖുർആൻ അവതരിച്ചത്!" പ്രവാചകൻ പറഞ്ഞു: "ഞാനത് മറ്റുള്ളവർ പാരായണം ചെയ്യുന്നത് കേൾക്കാൻ ആഗ്രഹിക്കുന്നു." അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) *അന്നിസാഅ്* ആരംഭം മുതൽ 'ഓരോ സമൂഹത്തിൽ നിന്നും ഓരോ സാക്ഷിയെ ഹാജരാക്കുകയും ഇവരുടെ കാര്യത്തിൽ താങ്കളെ സാക്ഷിയായി കൊണ്ടുവരികയും ചെയ്യുമ്പോൾ എന്തായിരിക്കും അവസ്ഥ!' എന്ന സൂക്തം വരെ പാരായണം ചെയ്തു. അവിടെയെത്തിയപ്പോൾ നബി(സ) പരായണം നിർത്താൻ പറഞ്ഞു. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു: "ഞാനപ്പോൾ നബി(സ)യുടെ നേരെ നോക്കി. അപ്പോൾ തിരുമേനിയുടെ ഇരുകണ്ണുകളിൽനിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു."

***അല്ലാഹുവെ ഭയപ്പെട്ട് കരയുന്നവരെ കാണുമ്പോൾ***

ലോലഹൃദയനായിരുന്നു നബി(സ). അല്ലാഹുവെ ഭയപ്പെട്ട് കരയുന്നവരെ കാണുമ്പോൾ അദ്ദേഹവും കരയാറുണ്ടായിരുന്നു. അബൂഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്നു: സൂറത്തുന്നജ്മിലെ, 'ഈ വചനം കേട്ടാണോ നിങ്ങൾ അത്ഭുതപ്പെടുകയും ചിരിക്കുകയും ചെയ്യുന്നത്? നിങ്ങളെന്താ കരയുന്നില്ലേ?' എന്ന സൂക്തങ്ങൾ അവതരിച്ചപ്പോൾ 'അസ്ഹാബുസ്സുഫ്ഫ' (മസ്ജിദുന്നബവിയുടെ വരാന്തയിൽ വസിച്ചിരുന്നവർ) കരയുകയും അവരുടെ കവിൾ തടങ്ങളിലൂടെ കണ്ണുനീർ ചാലിട്ടൊഴുകുകയും ചെയ്തു. റസൂൽ(സ) അവരുടെ കരച്ചിൽ കണ്ടപ്പോൾ അവർക്കൊപ്പം കരഞ്ഞു. അദ്ദേഹം കരഞ്ഞപ്പോൾ ഞങ്ങളും കരഞ്ഞു. അപ്പോൾ നബിതിരുമേനി പറഞ്ഞു: "അല്ലാഹുവെ ഭയപ്പെട്ട് കരഞ്ഞവൻ നരകത്തിൽ പ്രവേശിക്കുകയില്ല, ഒരു തെറ്റിൽ ഉറച്ചുനിൽക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയുമില്ല" (ബൈഹഖി).

***ബദ്ർ യുദ്ധവേളയിൽ***

നബി(സ) ബദ്ർ യുദ്ധത്തിന്റെ രാവിൽ ദീർഘനേരം നിന്നു നമസ്കരിക്കുകയും കരഞ്ഞുകൊണ്ട് കരളുരുകി പ്രാർഥിക്കുകയുമുണ്ടായി. ശത്രുക്കൾക്കെതിരിൽ സത്യവിശ്വാസികൾക്ക് വിജയം പ്രദാനം ചെയ്യേണമേ എന്ന് അപേക്ഷിച്ചുകൊണ്ടായിരുന്നു പ്രാർഥന. അലിയ്യുബ്നു അബീത്വാലിബ്(റ) റിപ്പോർട്ട് ചെയ്യുന്നു: "ബദ്ർ യുദ്ധദിനത്തിൽ ഞങ്ങൾക്കിടയിൽ അശ്വാരൂഢനായി മിഖ്ദാദ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. റസൂൽ(സ) മാത്രമാണ് ഒരു വൃക്ഷച്ചുവട്ടിൽ നിന്നുകൊണ്ട് പ്രഭാതം വരെ കരഞ്ഞു

കൊണ്ട് നമസ്കരിക്കുകയും പ്രാർഥിക്കുകയും ചെയ്തത്" (അഹ്മദ്).

***ദൈവശിക്ഷ വരുമോ എന്ന ആശങ്കയാൽ***

നബി(സ)ക്ക് തന്റെ സമുദായത്തോട് ഏറെ കാരുണ്യവും അനുഭാവവുമുണ്ടായിരുന്നു. മുസ്‌ലിം സമുദായം ദൈവശിക്ഷക്ക് വിധേയമാക്കപ്പെടുമോ എന്ന് പ്രവാചകൻ പലപ്പോഴും ആശങ്കിച്ചു. പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ അസാധാരണ മാറ്റങ്ങളുണ്ടാവുമ്പോൾ നബിതിരുമേനി, അതൊരു തിന്മയും നാശവുമാക്കരുതേ എന്ന് അല്ലാഹുവോട് കണ്ണീർവാർത്ത് പ്രാർഥിക്കാറുണ്ടായിരുന്നു. ശക്തമായ കാറ്റടിക്കുമ്പോഴും സൂര്യഗ്രഹണമോ ചന്ദ്രഗ്രഹണമോ ഉണ്ടാകുമ്പോഴും ഇത് നബി പതിവാക്കിയിരുന്നു.

അബ്ദുല്ലാഹിബ്നു അംറ്(റ) റിപ്പോർട്ട് ചെയ്യുന്നു: നബി(സ)യുടെ കാലത്ത് ഒരു സൂര്യഗ്രഹണമുണ്ടായി. അപ്പോൾ നബി(സ) നമസ്കരിക്കാൻ നിന്നു. ദീർഘനേരം കഴിഞ്ഞ് റുകൂഅ് ചെയ്തു. റുകൂഉം സുദീർഘമായിരുന്നു. പിന്നീട് തല ഉയർത്തി ദീർഘനേരം നിന്നു. പിന്നീട് സുജൂദ് ചെയ്തു. സുദീർഘമായ സുജൂദിൽ കരഞ്ഞുകൊണ്ട് പ്രാർഥിച്ചു: "എന്റെ നാഥാ, നീ എന്നോട് വാഗ്ദത്തം ചെയ്തതല്ലേ അവർ പാപമുക്തിക്ക് പ്രാർഥിച്ചുകൊണ്ടിരിക്കെ നീ അവരെ ശിക്ഷിക്കുകയില്ലെന്ന്. ഞങ്ങളിതാ നിന്നോട് പാപമോചനം തേടുന്നു." അങ്ങനെ രണ്ട് റക്അത്ത് നമസ്കരിച്ചപ്പോഴേക്ക് സൂര്യൻ പ്രത്യക്ഷമായി. അപ്പോൾ തിരുമേനി എഴുന്നേറ്റുനിന്ന് അല്ലാഹുവെ വാഴ്ത്തിയ ശേഷം പറഞ്ഞു: "സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ രണ്ട് ദൃഷ്ടാന്തങ്ങളാണ്. ഒരാളുടെ മരണത്തിന്റെ പേരിലോ ജനനത്തിന്റെ പേരിലോ അവക്ക് ഗ്രഹണം സംഭവിക്കുകയില്ല. അവക്ക് ഗ്രഹണം സംഭവിച്ചാൽ ഭയവിഹ്വലതയോടെ അല്ലാഹുവെ സ്മരിക്കുകയാണ് വേണ്ടത്" (അബൂദാവൂദ്).

***രോഗ സന്ദർശന വേളയിൽ***

സഅ്ദുബ്നു ഉബാദ(റ) രോഗബാധിതനായി കിടന്നപ്പോൾ നബി(സ) അദ്ദേഹത്തെ സന്ദർശിക്കാൻ ചെന്നു. നബി(സ) കരഞ്ഞുപോയി. അത്കണ്ട് ചുറ്റുമുള്ളവരും കരഞ്ഞു. നബി(സ) പറഞ്ഞു: "നിങ്ങൾ കേൾക്കുന്നില്ലേ? കണ്ണിലെ കണ്ണുനീരിന്റെ പേരിലോ ഹൃദയത്തിലെ ദുഃഖത്തിന്റെ പേരിലോ അല്ലാഹു ശിക്ഷിക്കുകയില്ല. എന്നാൽ –തന്റെ നാവിലേക്ക് ചൂണ്ടിക്കൊണ്ട്– ഇതിന്റെ പേരിലാണ് അവൻ ശിക്ഷിക്കുകയോ കരുണകാണിക്കുകയോ ചെയ്യുക." (ബുഖാരി, മുസ്‌ലിം).

***കുടുംബാംഗങ്ങളുടെ മരണവേളയിൽ***

നബിതിരുമേനിക്ക് തന്റെ ഭാര്യാ സന്താനങ്ങളോടും കുടുംബങ്ങളോടും അപരിമേയമായ വാത്സല്യവും കാരുണ്യവുമുണ്ടായിരുന്നു. അവരിൽ ആരെങ്കിലും മരിച്ചാൽ അദ്ദേഹം കരഞ്ഞുപോകും. സ്വന്തം മകൻ ഇബ്റാഹീം മരണപ്പെട്ടപ്പോൾ നബി(സ)യുടെ കണ്ണിൽനിന്ന് കണ്ണുനീരൊഴുകുന്നത് കണ്ട് അബ്ദുർറഹ്മാനുബ്നു ഔഫ്(റ) ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, താങ്കളും കരയുകയാണോ?" പ്രവാചകൻ പറഞ്ഞു: "ഔഫിന്റെ മകനേ, ഇത് കാരുണ്യമാണ്. കണ്ണ് കണ്ണുനീർപൊഴിക്കുന്നു. ഹൃദയം ദുഃഖിക്കുന്നു. എന്നാൽ നമ്മുടെ നാഥന്ന് അനിഷ്ടകരമായ ഒന്നും നാം പറയുന്നില്ല. ഇബ്റാഹീമേ, നിന്റേ വേർപാടിൽ ഞങ്ങൾ ദുഃഖിതരാണ്."

നബി(സ)യുടെ പുത്രി റുഖിയ്യ(റ) മരണപ്പെട്ടപ്പോൾ അവരുടെ ഖബ്റിങ്കൽ ഇരുന്ന് തിരുമേനി കണ്ണീർ വാർത്തത് അനസ്(റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

***ഇഷ്ടജനങ്ങളുടെ മരണസന്ദർഭത്തിൽ***

ഇഷ്ടജനങ്ങളും സ്വന്തം സഖാക്കളും മരിക്കുമ്പോഴും പ്രവാചകൻ കരയാറുണ്ടായിരുന്നു. ഏതാനും സംഭവങ്ങൾ കാണുക:

*ഉസ്മാനുബ്നു മള്ഊനി(റ)ന്റെ നിര്യാണം:* ആഇശ(റ) റിപ്പോർട്ട് ചെയ്യുന്നു: "ഉസ്മാനുബ്നു മള്ഊൻ(റ) മരിച്ചപ്പോൾ നബി(സ) അദ്ദേഹത്തിന്റെ ജനാസയുടെ അരികിൽ ചെന്നു. മുഖത്ത്നിന്ന് തുണിമാറ്റി കുനിഞ്ഞുനിന്ന് അദ്ദേഹത്തെ ചുംബിച്ചു; പിന്നീട് കരഞ്ഞു. പ്രവാചകന്റെ കവിളിണകളിലൂടെ അശ്രുകണങ്ങൾ ഒഴുകുന്നത് ഞാൻ കണ്ടു" (അബൂദാവൂദ്).

*ഹംസയുടെ രക്തസാക്ഷ്യം:* തന്റെ പിതൃവ്യൻ ഹംസ(റ)യുടെ രക്തസാക്ഷിത്വത്തിൽ ദുഃഖിച്ചതുപോലെ നബി(സ) ഒരാളുടെ പേരിലും ദുഃഖം പ്രകടിപ്പിച്ചിട്ടില്ല. ഉഹ്ദു യുദ്ധത്തിൽ രക്തസാക്ഷിയായ അദ്ദേഹത്തിന്റെ മൃതശരീരം ശത്രുക്കൾ അംഗഭംഗം വരുത്തുകയും അബൂസുഫ്യാന്റെ ഭാര്യ ഹിന്ദ് കരൾ പുറത്തെടുത്ത് ചവച്ച് തുപ്പുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഒരിക്കൽ നബി(സ) അൻസ്വാരികളിൽ ഒരാളുടെ വീടിനടത്തു കൂടെ നടന്നു പോകുമ്പോൾ അവിടെ നിന്ന് കരച്ചിൽ കേട്ടു. അപ്പോൾ തിരുമേനി ഹംസ(റ)യെ ഓർക്കുകയും അദ്ദേഹത്തിന്റെ ഇരു കണ്ണുകളിൽനിന്നും കണ്ണുനീർ ഒഴുകുകയും ചെയ്തു.

അബ്ദുല്ലാഹിബ്നു ഉമർ(റ) പറയുന്നു: റസൂൽ ഉഹുദിൽനിന്ന് തിരിച്ചു വരുമ്പോൾ അൻസ്വാരികളിൽപെട്ട സ്ത്രീകൾ യുദ്ധത്തിൽ കൊല്ലപ്പെട്ട തങ്ങളുടെ ഭർത്താക്കന്മാരുടെ പേരിൽ കരയുന്നത് കേട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: "എന്നാൽ ഹംസ! അദ്ദേഹത്തിന്റെ പേരിൽ കരയുന്നവരില്ലല്ലേ!" (ഇബ്നു മാജ)

*മുഅ്ത്വ യുദ്ധത്തിലെ സേനാനായകരുടെ രക്തസാക്ഷ്യം*

നബി(സ)യുടെ കാലത്ത് മുസ്‌ലിം സൈന്യവും റോമൻ സൈന്യവും മുഅ്ത്വയിൽ ഏറ്റുമുട്ടി. അതിൽ മുസ്‌ലിം സൈന്യത്തിന്റെ നായകത്വം വഹിച്ചിരുന്ന ജഅ്ഫറുബ്നു അബീത്വാലിബ്, സൈദുബ്നു ഹാരിസ, അബ്ദുല്ലാഹിബ്നു റവാഹ(റ) എന്നീ പ്രമുഖ സ്വഹാബിമാർ രക്തസാക്ഷിത്വം വരിക്കുകയുണ്ടായി. അവരുടെ രക്തസാക്ഷ്യ വിവരമറിഞ്ഞ നബി(സ) അതിയായി ദുഃഖിക്കുകയും കരയുകയും ചെയ്തു.

അനസുബ്നു മാലിക്(റ) റിപ്പോർട്ട് ചെയ്യുന്നു: "നബി(സ) ജഅ്ഫർ, സൈദുബ്നു ഹാരിസ, അബ്ദുല്ലാഹിബ്നു റവാഹ എന്നിവരുടെ മരണവാർത്ത അറിയിച്ചു. അവരിൽനിന്ന് (സൈന്യത്തിൽനിന്ന്) വിവരം ലഭിക്കുന്നതിനു മുമ്പായിരുന്നു അത്. തിരുമേനി ഇരുകണ്ണുകളിൽനിന്നും കണ്ണുനീർ വാർത്തുകൊണ്ടാണ് അവരുടെ മരണവാർത്തയറിയിച്ചത്" (ബുഖാരി).

മുഅ്ത്വ യുദ്ധത്തിൽ രക്തസാക്ഷിയായ സൈദുബ്നു ഹാരിസ(സ) നബി(സ)യുടെ വളർത്തു പുത്രനും തിരുമേനിക്ക് ഏറെ പ്രിയങ്കരനുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ഉസാമയെ കാണുമ്പോഴെല്ലാം നബി(സ) അദ്ദേഹത്തെ ഓർത്ത് കരയാറുണ്ടായിരുന്നു.

## ഖബർ സന്ദർശന വേളയിൽ

മരണ സ്മരണ നിലനിർത്തുന്നതിനും ഖബറടക്കം ചെയ്യപ്പെട്ടവരുടെ പാപമുക്തിക്ക് പ്രാർഥിക്കുന്നതിനും നബി(സ) ഖബറുകൾ സന്ദർശിക്കാറുണ്ടായിരുന്നു. നബി തിരുമേനി പലപ്പോഴും ഖബറിടത്തിൽ വെച്ച് കരഞ്ഞതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ബർറാഉബ്നു ആസിബ്(റ) റിപ്പോർട്ട് ചെയ്യുന്നു: ഞങ്ങളൊരിക്കൽ അല്ലാഹുവിന്റെ പ്രവാചകന്റെ കൂടെ നടക്കുകയായിരുന്നു. അപ്പോൾ ഒരുസംഘം ആളുകൾ കൂടിനിൽക്കുന്നത് കണ്ടപ്പോൾ അദ്ദേഹം ചോദിച്ചു: "എന്താണിവർ കൂടിനിൽക്കുന്നത്?"

അപ്പോൾ ആരോ മറുപടി പറഞ്ഞു: "അവർ ഒരു ഖബ്ർ കുഴിച്ചുകൊണ്ടിരിക്കുകയാണ്." അതുകേട്ട നബി(സ) ഭയപ്പെട്ടതുപോലെ തന്റെ സഖാക്കൾക്കു മുമ്പിൽ ധൃതിയിൽ നടന്ന് ഖബ്റിടത്തിലെത്തി. എന്നിട്ടവിടെ മുട്ടുകുത്തിയിരുന്ന് കണ്ണീർകൊണ്ട് മണ്ണ് നനയുവോളം കരഞ്ഞു. പിന്നെ ഞങ്ങളുടെ നേരെ തിരിഞ്ഞു പറഞ്ഞു: "എന്റെ സഹോദരന്മാരേ, ഇങ്ങനെയുള്ള ദിവസത്തിനുവേണ്ടി ഒരുങ്ങിക്കൊള്ളുക" (അഹ്മദ്, ഇബ്നുമാജ).

അബൂഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്നു: നബി(സ) തന്റെ മാതാവിന്റെ ഖബ്ർ ഒരിക്കൽ സന്ദർശിച്ചു. അപ്പോൾ അദ്ദേഹം കരഞ്ഞു; ചുറ്റുമുള്ളവരും കരഞ്ഞു. പ്രവാചകൻ പറഞ്ഞു: "അവർക്കുവേണ്ടി പാപമോചനം തേടി പ്രാർഥിക്കാൻ ഞാനെന്റെ നാഥനോട് അനുവാദം ചോദിച്ചു. അപ്പോൾ എനിക്ക് അനുവാദം ലഭിച്ചില്ല. ഞാനവരുടെ ഖബ്ർ സന്ദർശനത്തിന് അനുവാദം ചോദിച്ചപ്പോൾ അനുവാദം നൽകി. അതിനാൽ നിങ്ങൾ ഖബ്ർ സന്ദർശിക്കുക. അത് നിങ്ങളിൽ പരലോക ചിന്ത വളർത്തും" (മുസ്‌ലിം).

പ്രവാചക ജീവിതത്തിന്റെ ചെറുതും വലുതുമായ മുഴുവൻ മേഖലകളിലും സത്യവിശ്വാസികൾക്ക് ഉത്തമമാതൃകയുണ്ട്. ദുഃഖവും അസ്വാസ്ഥ്യവുമുണ്ടാവുമ്പോൾ എങ്ങനെ പ്രതികരിക്കണമെന്നും പ്രതികരണത്തിന്റെ പരിധിയേതെന്നും മേൽ സംഭവങ്ങൾ വ്യക്തമാക്കുന്നു. ■